പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 625 | 24.05.2017 — ൽ മറുപടിക്ക്

# റേഷൻ കടകളുടെ പ്രവർത്തന മികവിന് ഗ്രേഡിംഗ്

## ചോദ്യം

ശ്രീ.വി.എസ്.ശിവകുമാർ
,, അനൂപ് ജേക്കബ്
,, അടൂർ പ്രകാശ്
,, സണ്ണി ജോസഫ് :

(എ) റേഷൻ കടകളുടെ പ്രവർത്തനമികവടക്കം മെച്ചപ്പെടുത്തുന്നതിന് ഗ്രേഡിംഗ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻ കടകൾക്ക് ഗ്രേഡിംഗ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിവരിക്കുമോ;

(സി) ഗ്രേഡ് കുറഞ്ഞ റേഷൻ കടകളെ പൊതുവിതരണ ശൃംഖലയിൽ നിന്നും ഒഴിവാക്കി, പുതിയ റേഷൻ കടകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ?

## ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)

(എ) യും (ബി) യും (സി) യും റേഷൻ കടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനും കുറഞ്ഞ ഗ്രേഡ് ലഭിക്കുന്ന കടകളുടെ ലൈസൻസികളെ മാറ്റി നിയമിക്കണമെന്നുള്ള ഒരു ശുപാർശ സിവിൽ സപ്ലൈസ് ഡയറക്ടർ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചു വരുന്നു. ഇക്കാര്യം സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

*സെക്ഷൻ ഓഫീസർ*